റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ

24 (540)ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ കീഴിൽ എത്ര സഹകരണ യൂണിറ്റുകൾ ആരംഭിച്ചു; അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നു;

(ബി) അവയിൽ ഓരോന്നിന്റെയും കഴിഞ്ഞ നാലുവർഷത്തെ വിറ്റുവരവെത്രയെന്ന് വിശദമാക്കാമോ;

(സി) ഓരോ സഹകരണ യൂണിറ്റിലെയും തൊഴിലാളികളുടെ ശരാശരി പ്രതിമാസ വേതനം എത്രയാണ്;

(ഡി) ഈ യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടോ;

(ഇ) അപ്പെക്സ് ബോഡി ഒരു വർഷം എത്രരൂപയുടെ ക്രയവിക്രയം നടത്താറുണ്ട്; എത്ര ലാഭമുണ്ടാക്കാറുണ്ട്;

(എഫ്) ഏതൊക്കെ സ്ഥാപനങ്ങളുമായാണ് വ്യാപാരബന്ധമുള്ളത്;

(ജി) സഹകരണ യൂണിറ്റുകളിൽ നിന്നല്ലാതെ പുറമെനിന്ന് ഏതെങ്കിലും ഉപകരണങ്ങൾ എപ്പോഴെങ്കിലും വാങ്ങി വിപണനം നടത്തിയിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഐ) അപ്പെക്സ് ബോഡിയിൽ എത്ര ജീവനക്കാരുണ്ട്; എം.ഡി. ഉൾപ്പെടെ ഓരോരുത്തരുടെയും പ്രതിമാസവേതനം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ജെ) ഓരോ സഹകരണ യൂണിറ്റിനും പ്രവർത്തനശേഷിക്ക് അനുബന്ധിച്ച് ഓർഡർ നൽകി ഓരോ തൊഴിലാളിയ്ക്കും മിനിമം കൂലി ഉറപ്പു വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റൂറൽ വിമൻസ് ഇലക്ട്രോണിക്സ് ഇൻസഡ്ട്രിയൽ കോ-ഓപ്പറേറ്റീവ് ഫെഡറേഷന്റെ കീഴിൽ 18 സഹകരണ യൂണിറ്റുകൾ ആരംഭിച്ചു. അവയിൽ 6 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സഹകരണസംഘങ്ങൾ നേരിട്ട് വില്പന നടത്താറില്ല. ഫെഡറേഷൻ സൊസൈറ്റികൾക്ക് അസംസ്കൃത സാധനങ്ങൾ നൽകുകയും അവ സൊസൈറ്റികൾ അസംബിൾ ചെയ്ത് ഫെഡറേഷനിൽ നൽകുകയും അതിന് ഫെഡറേഷൻ കൺവർഷൻ ചാർജ് നൽകുകയും ചെയ്യുന്നു. നാലു വർഷത്തെ കൺവർഷൻ ചാർജ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു[+]

(സി) പ്രൈമറി സഹകരണ സംഘങ്ങളിൽ പ്രതിമാസ വേതനമല്ല നൽകുന്നത്. ചെയ്യുന്ന ജോലിക്കനുസരണമായ (പീസ്റേറ്റ് സംവിധാനത്തിൽ) കൺവർഷൻ ചാർജാണ് നൽകിവരുന്നത്. സംഘത്തിലെ സൂപ്പർവൈസർമാർക്ക് പ്രതിമാസ അലവൻസായി 1600/-രൂപ നൽകിവരുന്നു.

[+] ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

(ഇ) കഴിഞ്ഞ മൂന്നു വർഷത്തെ കണക്ക് താഴെ കൊടുക്കുന്നു.

വർഷം	ഉല്പാദനം	വിപണനം	ലാഭം (രൂപ ലക്ഷത്തിൽ)
1997-98	127.84	98.62	4.47
1998-99	93.23	70.80	1.79
1999-2000	105.57	41.89	കണക്കാക്കിയിട്ടില്ല

(എഫ്) 1. കെൽട്രോൺ

2. അനെർട്ട്

3. വിദ്യാഭ്യാസ ഡയറക്ടറേറ്റ്

4. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്

5. പമ്പാ ഇലക്ട്രോണിക്സ്

6. സി.എം.എസ്. കംപ്യൂട്ടേഴ്സ്

7. മെഗാലക്സ് ഇലക്ട്രോണിക് കൺട്രോൾസ്

8. പഞ്ചായത്തും മുനിസിപ്പാലിറ്റിയും

(ജി) ഉണ്ട്.

(എച്ച്) ഫെഡറേഷൻ നിർമ്മിക്കാത്ത ഉല്പന്നങ്ങൾക്കുള്ള ഓർഡർ ലഭിച്ചതിനാൽ പുറമെ നിന്ന് വാങ്ങി വിപണനം നടത്തി.

(ഐ) അപ്പെക്സ് ബോഡിയിൽ മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെ 29 ജീവനക്കാരുണ്ട്. അവരുടെ പ്രതിമാസ വേതനം താഴെ ചേർത്തിരിക്കുന്നു.

തസ്തിക	പ്രതിമാസ ശമ്പളം (രൂപ)
മാനേജിംഗ് ഡയറക്ടർ	18,300
ഡെപ്യൂട്ടി ഡയറക്ടർ	11,940
എൻജിനീയർ (വർക്സ്)	4,814
എൻജിനീയർ (പർച്ചേസ്)	4,476
അക്കൗണ്ടന്റ്	4,159
സൂപ്പർവൈസർ	3,659
ടെക്നീഷ്യൻ	3,459
ടൈപ്പിസ്റ്റ്	3,334
ഡ്രൈവർ	3,334
ഹെൽപ്പർ	3,304
സെക്യൂരിറ്റി ഗാർഡ്	3,069
സ്വീപ്പർ	2,909

(ജെ) ഫെഡറേഷന് സ്ഥിരമായ വർക്ക് ഓർഡർ ലഭിക്കുന്നില്ല. അതിനാൽ മിനിമം കൂലി ഉറപ്പാക്കുവാൻ നിർവാഹമില്ല. എന്നാൽ മറ്റു കമ്പനിക

LIBRARY ARCHIVES Kerala Legislative Assembly

ളിൽ നിന്ന് കൂടുതൽ ഓർഡർ വാങ്ങി അതനുസരിച്ചുള്ള കൺവർഷൻ ചാർജ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിക്കാൻ നടപടി

25 (541)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരത്തെ അടഞ്ഞുകിടക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ തുടർന്നുള്ള പ്രവർത്തനത്തെ ഉദ്ദേശിച്ചുകൊണ്ട് ഒരു പുനരുജ്ജീവന പദ്ധതി സംസ്ഥാന സർക്കാരിന്റെയും കിർഫ് ബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ ഈ സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യത്തിൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച പരാതി

25 (541)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പരാതിയെന്നും എപ്പോൾ കിട്ടിയെന്നും, പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(സി) ഈ പരാതിയിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഉണ്ട്. ശ്രീ സിബി തോമസ്, എന്ന വ്യക്തിയുടെ 12.2.1999-ലെ പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. പരാതിക്കാരൻ പ്രസ്തുത മില്ലിൽ 25,000/- രൂപയുടെ ഷെയർ എടുത്ത് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടും ജോലി ലഭിച്ചില്ല എന്നതാണ് പരാതി.

(സി) പരാതിയിൻമേൽ ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly